പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1847 01.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സിയിൽ ഗുണമേന്മയുള്ള ടിക്കറ്റിങ് മെഷീൻ

ചോദ്യം

ശ്രീമതി.പി.അയിഷാ പോറ്റി

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ക്ക് ടിക്കറ്റ് മെഷീനും അനുബന്ധ സേവനങ്ങളും നൽകുന്ന ഏജൻസി ഏതാണ്; | (എ) | നിലവിൽ M/s Quantum Aeon Power System എന്ന കമ്പനിയാണ് ഇ.ടി.എമ്മുകളും അനുബന്ധ സേവനങ്ങളും നൽകിവരുന്നത്. |
| (ബി) | സേവനങ്ങൾ നൽകിയ ഇനത്തിൽ പ്രസ്തുത ഏജൻസിക്ക് തുക നൽകാനുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്.<br>ഒരു വർഷ എ.എം.സി നൽകിയ ഇനത്തിൽ 20,38,920/- രൂപ ടി കമ്പനിയ്ക്ക് നൽകുവാനുണ്ട്. |
| (സി) | ഏജൻസികളെ ഒഴിവാക്കി ഗുണമേന്മ കൂടിയതും വില കുറവുള്ളതുമായ ടിക്കറ്റ് മെഷീനുകൾ വാങ്ങാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ? | (സി) | നിലവിൽ ഇ.റ്റി.എം., സർക്കാർ ഇ-പോർട്ടൽ മുഖാന്തിരം ഇ-ടെണ്ടർ ക്ഷണിച്ചാണ് വാങ്ങുന്നത്. 2013 ഒക്ടോബർ മാസത്തിലാണ് മൂന്നര വർഷം വാറണ്ടിയോടു കൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങിയത്. ടി മെഷീനുകളുടെ വാറണ്ടി കാലാവധി 2017-ഓടുകൂടി അവസാനിക്കുകയും തുടർന്ന് ഒരു വർഷത്തേയ്ക്ക് എ.എം.സി നൽകുകയും ചെയ്തു. എന്നാൽ ടി കാലാവധി കഴിഞ്ഞതിനാലും കാലപ്പഴക്കം മൂലം കേടുപാടുകൾ സംഭവിക്കുന്നതിനാലും മുൻകാലങ്ങളിൽ ഉപയോഗിച്ചുവന്നിരുന്ന ചിലവേറിയ ജി.പി.ആർ.എസ് അധിഷ്ഠിത മെഷീനുകൾ ഒഴിവാക്കി, കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, ടിക്കറ്റിംഗ് സംവിധാനം മാത്രമുള്ള ഇ.ടി.എമ്മുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**